(ഡി) സംസ്ഥാനത്ത് വിദേശ ഫണ്ട് വാങ്ങി പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകളുടെയെല്ലാം മേൽവിലാസം ലഭ്യമാക്കുമോ?

ഉത്തരം

(എ — ഡി) വിവരം ശേഖരിച്ചുവരുന്നു.

സ്വാതന്ത്ര്യസമര സേനാനികളുടെ മെഡിക്കൽ റീഇംപേഴ്സ്മെന്റ്

10 [2474] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ആശുപത്രികളിൽ ചികിത്സ നടത്തിയ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പെൻഷൻ വാങ്ങുന്ന, സംസ്ഥാനത്തെ സ്വാതന്ത്ര്യസമര സേനാനികളുടെ മെഡിക്കൽ റീഇംപേഴ്സ്മെന്റ് ബിൽ മാറി നൽകുന്നതിൽ ധനകാര്യവകുപ്പ് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നുമുതലാണെന്നും, അതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(സി) ഈയിനത്തിൽ എത്ര അപേക്ഷകൾ ധനകാര്യവകുപ്പിൽ തീർപ്പാക്കാതെയുണ്ട്;

(ഡി) അവശത അനുഭവിക്കുന്ന സ്വാതന്ത്ര്യസമര സേനാനികളുടെ മെഡിക്കൽ ബില്ലുകളിൽ അടിയന്തിര തീരുമാനമെടുക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) നിലവിലുള്ള ഉത്തരവുകൾ പ്രകാരം സർക്കാർ ആശുപത്രികളിലെ ചികിത്സകൾക്കു മാത്രമേ റീഇംപേഴ്സ്മെന്റ് അനുവദനീയമായിട്ടുള്ളു. ഈ ഉത്തരവു നടപ്പിലാക്കുക മാത്രമാണ് ധനകാര്യവകുപ്പ് ചെയ്തിട്ടുള്ളത്.

(സി) ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം ഫയലുകൾ തീർപ്പാക്കുന്നത് പൊതുഭരണ (ഫ്രീഡം ഫൈറ്റേഴ്സ് സെൽ) ആണ്.

(ഡി) അപേക്ഷയുടെ സാധുതയുടെയും അർഹതയുടെയും അടിസ്ഥാനത്തിലാണ് തീരുമാനമെടുക്കുന്നത്.

പെൻഷൻ നിയമം സംബന്ധിച്ച്

11 [2475] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പെൻഷൻ നിയമം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏതുവർഷം മുതലാണ് പ്രസ്തുത നിയമം അംഗീകരിച്ച് നടപ്പിലാക്കിവരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly